(ബി) ഉണ്ട്. മുണ്ടക്കയം ഉൾപ്പെടുന്നതായ പീരുമേട് ഏരിയായിലേയ്ക്ക് വിദ്യുച്ഛക്തി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി, പീരുമേട് 66 കെ. വി. ടവ്വർ ലൈനിന്റെ പണികൾ തീർക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ എടുത്തുകൊണ്ടിരിക്കുകയാണ്.

(സി) ഉദിക്കുന്നില്ല.

ശ്രീ. കെ. ടി. തോമസ് : ഈ ആവശ്യത്തിലേയ്ക്ക് സർവ്വേ നടത്തീട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : ഉണ്ട്.

ശ്രീ. കെ. ടി. തോമസ് : ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ ഇതിന്റെ പണി നടത്താമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അടുത്തകൊല്ലം തന്നെ പൂർത്തിയാക്കാമെന്നാണ് ഉദ്ദേശം.

മീനറൽ ഫാക്ടറികൾ.

* 568. [20] ശ്രീ. ടി. കെ. ദിവാകരൻ : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

സംസ്ഥാനത്തെ മിനറൽസ് ഫാക്ടറികളിൽ സഹകരണ്യുടമയിൽ നടക്കുന്നവ ഗവണ്മെന്റ് ഏറ്റെടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ഉണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : എന്താണ് നടപടി ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എഫ്. എക്സ്. പെരേരാ കമ്പനി സക്കാർവകയായി ലേലം ചെയ്ത് എടുക്കുന്നതിനുവേണ്ടി റവന്യൂ റെക്കവറി ആക്ടനുസരിച്ച് നടപടി നടത്തിവരികയാണ്. അതു നടത്തുന്നതിന് ഗവണ്മെന്റ് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ ഒരു സഹകരണസംഘാടനംകൊണ്ട് ഇതിനു കോൺസിലേഷൻ വരുത്താമോ എന്നു ബഹുമാനപ്പെട്ട കൊല്ലംമെമ്പർ വേറെ ഒന്നുരണ്ടു പേരും പറഞ്ഞതനുസരിച്ച് അങ്ങനെയും നടത്തുന്നുണ്ട്. ഹോപ്പ് കിൻസ് ആൻഡ് വില്യംസ് കമ്പനിയുടെ വാല്യുവേഷൻ നടത്തുന്നതിനു ഇൻഡ്യാഗവണ്മെൻറിൽനിന്നും ഒരാളെ നിയമിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : സെൻട്രൽ ഗവണ്മെന്റ് ഈ കമ്പനി ഏറ്റെടുക്കാൻ തീരുമാനിച്ചിരിക്കുന്ന വിവരം അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിവില്ല.

ശ്രീ. ടി. കെ. ദിവാകരൻ : മിനറൽസ് സഹകരണ്യു ഏജൻസികളും സ്റ്റേറ്റ് ഗവണ്മെൻറും ചേർന്നുള്ള ഒരു കോർപ്പറേഷൻ നടത്തുമെന്ന് ഇൻഡ്യാഗവണ്മെൻറ് നിർദ്ദേശിച്ചിട്ടുള്ളതായി അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ആലോചനയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങനെയാണെങ്കിൽ ഇപ്പോൾ ഈ ഗവണ്മെൻറിനു് ലഭിച്ചുകൊണ്ടിരിക്കുന്ന റായൽടി ആയ 75 ശതമാനം നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുതന്നെയാണു് ഗവണ്മെൻറിന്റെ നില.

കാപ്പിസ്റ്റാമാരുടെ നിയമനം.

* 569. [21] ശ്രീ. ടി. കെ. ദിവാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) വിവിധ ഡിപ്പാർട്ടുമെൻറുകളിൽ കാപ്പിസ്റ്റാമാരായി നിയമിക്കപ്പെടുന്നതിനായി പബ്ലിക്കു് സർവ്വീസു് കമ്മിഷൻ മുമ്പാകെ 1955 മാർച്ചു് 31–ാംതീയതിവരെ പേരു രജിസ്റ്റർ ചെയ്തവരിൽ എത്ര പേർ നിയമനം കിട്ടാതെ ശേഷിക്കുന്നുണ്ടു് ;

(ബി) കാപ്പിസ്റ്റാ നിയമനങ്ങളിൽ എന്തു മാനദണ്ഡമാണു് ഗവണ്മെൻറു് സ്വീകരിച്ചിരിക്കുന്നതു് ;

(സി) കാപ്പിസ്റ്റാ ജോലിക്കായി അപേക്ഷിച്ചിട്ടില്ലാത്തവരും ക്ലാർക്കു് നിയമനങ്ങൾക്കായുള്ള പരീക്ഷയിൽ പാസ്സായിട്ടുള്ളവരുമായ ആരെയെങ്കിലും കാപ്പിസ്റ്റാരായി നിയമിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ കാരണമെന്തു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) വിവിധഡിപ്പാർട്ടുമെൻറുകളിൽ കാപ്പിസ്റ്റാമാരായി നിയമിക്കപ്പെടുന്നതിനായി 1955 മാർച്ചു് 31–ാംതീയതിവരെ പേരു് രജിസ്റ്റർ ചെയ്തവരിൽ 3700 പേർ നിയമനം കിട്ടാതെ ശേഷിക്കുന്നുണ്ടു്.

(ബി) ഉദ്യോഗാർത്ഥികളുടെ കഴിവിനെ അടിസ്ഥാനപ്പെടുത്തി കൊണ്ടുള്ള നിയമനരീതി തന്നെ കാപ്പിസ്റ്റാമാരുടെ നിയമനത്തിലും സ്വീകരിച്ചിട്ടുള്ളതു് എന്നാണു് അറിയുന്നതു്. തുല്യ കഴിവുള്ളവരിൽ ഏതു് അനുസരിച്ചുള്ള പ്രായം കഴിഞ്ഞതിട്ടില്ലെങ്കിൽ പ്രായം കൂടുതൽ ഉള്ളവരെയാണു് മുൻഗണന നൽകി നിയമിക്കുന്നതു്.

(സി) കാപ്പിസ്റ്റാജോലിക്കായി അപേക്ഷിച്ചിട്ടില്ലാത്ത ആളുകളിൽ ക്ലാർക്കു് പരീക്ഷയിൽ ചേർന്നു് പാസ്സായിട്ടുള്ളവരെ കാപ്പിസ്റ്റാരുകളായി നിയമിക്കുന്നുണ്ടു്.

(ഡി) അപേക്ഷകരിൽ കൂടുതൽ കാര്യശേഷിയും സാമർത്ഥ്യവും ഉള്ളവരെയാണു് നിയമനങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കുന്നതു്. അതേ അടിസ്ഥാനത്തിൽ തന്നെയാണു് ക്ലാർക്കന്മാരുടെ ലിസ്റ്റിൽപ്പെട്ട ആളുകളേയും കാപ്പിസ്റ്റാമാരായി നിയമിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : ക്ലാർക്കന്മാരുടെ റാങ്കു് കിട്ടിയ പലരേയും കാപ്പിസ്റ്റാരുകളായി നിയമിക്കുന്നതുകൊണ്ടു് കാപ്പിസ്റ്റാരുകളായി റാങ്കു് കിട്ടിയവർക്കു് ഉദ്യോഗം ലഭിക്കുന്നില്ലാ എന്നുള്ള വിവരം ഗവണ്മെൻറിനു് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly